ശ്രീ. കെ. പി. ഗോപാലൻ : ഈ ഗവണ്മെൻറ കമ്പനിയുമായി ഇതേ സംബന്ധിച്ച് എഴുതിയതിൽ കമ്പനിയുടെ മറുപടി അയച്ചതിൻറെ ഫലമായിട്ട് ഞാൻ പറഞ്ഞതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ പേപ്പർ മില്ലിൽ സ്ഥാപിച്ചിട്ടുള്ള സോഡാറെക്കവറി പ്ലാൻറ് ഉപയോഗശൂന്യമാണെന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയുകയാണെങ്കിൽ വീണ്ടും കമ്പനിക്കെഴുതി വേണ്ട നടപടി എടുക്കാം.

ശ്രീ. സി. എ. മാത്യു : ഈ മലിനജലം കല്ലടയാറിൽ വീഴുന്നില്ലാ എന്നുള്ളതാണോ ഗവണ്മെൻറിൻറെ ധാരണ ?

ശ്രീ. കെ. പി. ഗോപാലൻ : അതേക്കുറിച്ച് കമ്പനി അയച്ചു തന്നിട്ടുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. സി. എ. മാത്യു : അതേക്കുറിച്ച് ഇപ്പോഴും പരാതിയുള്ള സ്ഥിതിക്ക് ഗവണ്മെൻറ അതേപ്പറ്റി വീണ്ടും അന്വേഷണം നടത്തി കമ്പനിയുടെ പേരിൽ നടപടി നടത്തുമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇതേക്കുറിച്ച് വീണ്ടും കമ്പനിക്കെഴുതാൻ ഗവണ്മെൻറ തയ്യാറാണ്.

ശ്രീ. പി. ടി. ചാക്കോ : ഇതു സംബന്ധിച്ച് ഈ സഭയിൽ ഇതിനു മുമ്പ് ഈ കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് അതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. കെ. പി. ഗോപാലൻ : അതേക്കുറിച്ച് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലേക്ക് എഴുതി. അവർ എന്തു നടപടിയെടുത്തു എന്നു വ്യക്തമായിട്ടിപ്പോഴും പറയാൻ നിവൃത്തിയില്ല..

ശ്രീ. ആർ. സുഗതൻ : കഴിഞ്ഞ മാസത്തിൽ ഈ മലിനജലം തുറന്നു വിട്ടതിൻറെ ഫലമായി സ്ഥലത്തുനിന്നു രണ്ടു ഫർലോംഗിനു അപ്പുറത്തുള്ള മത്സ്യങ്ങളും ചത്തുപൊങ്ങിയതായി പത്രത്തിൽ കണ്ടതു ശരിയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : മത്സ്യങ്ങൾ ചത്തുപൊങ്ങിയതായിട്ടുള്ള റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിൽനിന്നും കുറെ വെള്ളം എടുത്തു പബ്ലിക്ക് ഹെൽത്ത് ലാബ്രട്ടറിയിൽ പരിശോധിക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതേപ്പറ്റി വേണ്ട ഏർപ്പാടു ചെയ്യാം.

ഭക്ഷ്യമന്ത്രിയുടെ ആസ്ഥാനസ്റ്റോറിലെ പര്യടനം.

* 1414. [46] ശ്രീ. ആർ. കൃഷ്ണൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മാസത്തിൽ ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി ആസ്ഥാനസ്റ്റോറിൽ പര്യടനം നടത്തിയോ ;

(ബി) ഉണ്ടെങ്കിൽ ഉദ്ദേശമെന്തായിരുന്നു, അതിൻറെ കാര്യത്തിൽ വല്ല തീരുമാനവും എടുക്കുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി : (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) ആന്ധ്രാസ്റ്റോറിൽ പോയിരുന്നു.

(ബി) ആന്ധ്രാ അരിക്കമ്പോളത്തിന്റെ സ്ഥിതി നേരിട്ടറിയുകയും കേരളത്തിനു് അരി വാങ്ങുന്നതിനുള്ള സാദ്ധ്യതകളും ആരായുകയുമായിരുന്നു ഉദ്ദേശം. അതു സംബന്ധമായി ആന്ധ്രാഭക്ഷ്യമന്ത്രിയും ആന്ധ്രാ മില്ലേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ അടിയന്തിരാവശ്യം കേന്ദ്രത്തെ അറിയിക്കുകയുംചെയ്തു. ഇതിനും പുറമെ ആന്ധ്രായിൽ നിന്നും അരി വാങ്ങുന്നതിനുള്ള ചില ഏർപ്പാടുകളും ചെയ്യുവാനും സാധിച്ചു. കൺട്രോൾ വിലയിൽക്കൂടുതൽ കൊടുത്തു് അരി വാങ്ങേണ്ടതില്ലെന്നു് തീരുമാനിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു മാസത്തിൽ ന്യായവിലഷാപ്പുകളിൽ വിതരണത്തിനു എത്ര ടൺ ഭക്ഷ്യസാധനങ്ങളും വേണ്ടിവരും ?

ശ്രീ. കെ. സി. ജോർജ്ജ് : ഇന്നത്തെ റേറിൽ പന്തീരായിരത്തിൽ ചിലപ്പോൾ ടൺ ആവശ്യമുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അപ്പോൾ ഇ 50,000 ടൺ കിട്ടുന്നതെത്ര മാസത്തേക്കാണു് ?

ശ്രീ. കെ. സി. ജോർജ്ജ് : അതു നാലു് മാസത്തേക്കാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇന്നു എന്തുവിലക്കു് തരാം എന്നാണു് കരാർ ഉണ്ടായിരിക്കുന്നതു് ?

ശ്രീ. കെ. സി. ജോർജ്ജ് : കരാറുണ്ടായി എന്നു ഞാൻ പറഞ്ഞില്ല. സമ്മതിച്ചില്ലാ എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ഭാർഗ്ഗവൻ : നിയന്ത്രിതവിലയ്ക്കു് അരി കിട്ടുമോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഇല്ല. അതുകൊണ്ടാണു് സമ്മതിച്ചില്ല എന്നു ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ഭാർഗ്ഗവൻ : പരസ്യമാക്കാറുവിലയെന്താണു് ?

ശ്രീ. കെ. സി. ജോസ്സഫ് : 38, 39, 40 ; ശ്രപ. ഗവണ്മെന്റു് ഫിക്സ് ചെയ്തിരിക്കുന്നതു് 32 ശ്രപ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മദ്രാസ് സ്റ്റോറിൽനിന്നും അരി കിട്ടുകയില്ലേ ?

ശ്രീ. കെ. സി. ജോസ്സഫ് : മദ്രാസ് സ്റ്റോറിൽനിന്നും സീലിംഗ് റേറിൽ കിട്ടാൻ സാദ്ധ്യമല്ല.

മി. സ്പീക്കർ : ഇതേ സംബന്ധിച്ചു് പല പ്രാവശ്യവും പല ചോദ്യങ്ങളും ചോദിച്ചിട്ടുള്ളതാണു്.

കൊല്ലം ട്രൈവറേറ ടാൻസ്റ്റോട്ട് എം. എസ്സ്. എസ്സ്.-ലെ തൊഴിൽ രംഗത്തുണ്ടായ സ്തംഭനാവസ്ഥ.

*1415. [47] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ടൗൺസ്റ്റോർട്ട് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ട്രൈവറേറ ടാൻസ്റ്റോർട്ട് എം. എസ്സ്. എസ്സ്.-ലെ സ്റ്റാഫ് അംഗങ്ങളുടേയും, തൊഴിലാളികളുടേയും തൊഴിൽ രംഗത്തുണ്ടായ സ്തംഭനാവസ്ഥയെ പരിഹരിക്കാൻ 1958-ൽ ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly